പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2060 **26-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നടഷിലാക്കിയ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ജയന്ത് ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

മറുപടി: ഭക്ഷ്യ ഭദ്രത നടപ്പിലാക്കുന്നതിനായി കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കുടുംബങ്ങൾക്ക് അർഹമായ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 71 റേഷൻ കടകൾ നിലവിലുണ്ട്.

ആയതിൽ ഒരു റേഷൻ കട കെ സ്റ്റോർ ആയി മാറ്റിയിട്ടുണ്ട്. കുട്ടികളിൽ ഉപഭോക്തൃ ബോധവൽക്കരണം സംബന്ധിച്ച് അവബോധം വരുത്തുന്നതിനായി 18 സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കാമോ?

മറുപടി: പ്രസ്തുത മണ്ഡലം പൂർണ്ണമായും കോഴിക്കോട് കോർപ്പറേഷൻ പരിധിയിലാണ്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട പദ്ധതികളോ ഫണ്ടുകളോ തദ്ദേശ സ്ഥാപനാടിസ്ഥാനത്തിലോ, നിയോജകമണ്ഡലാടിസ്ഥാനത്തിലോ അനുവദിക്കുകയോ വിനിയോഗിക്കുകയോ ചെയ്യാറില്ല.

സെക്ഷൻ ഓഫീസർ